(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) അമിതപലിശ ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ നടപടികളും എടുത്തിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി പണയ പണ്ടം ലേലം ചെയ്തു വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) അനിവാര്യമായ സാഹചര്യങ്ങളിൽ പരിശോധന നടത്താറുണ്ട്.

ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

42 (1097) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അബ്കാരി ആക്ടിൽ ദേദഗതി വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പുതിയ ഡിസ്റ്റലറികൾ അനുവദിച്ച സ്ഥിതിക്ക് കൂടുതൽ ബാറുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്ത് ചാരായം നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട വരെ പുനരധിസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും അതിൽ എത്ര പേരെ നാളിതുവരെ പുനരധിവസിപ്പിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അബ്കാരി ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട തൊഴിലാളി സംഘടനാ നേതാക്കളേയും ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി 14-8-1999-ലെ ജി. ഒ. (എം. എസ്.)119/98/നിവ എന്ന ഉത്തരവിൻപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ അത് പരിശോധിച്ച് ആവശ്യമെന്നുകണ്ടാൽ അബ്കാരി ആക്ടിൽ ദേദഗതികൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി & ഡി) സംസ്ഥാനത്ത് പുതിയ കോമ്പൗണ്ടിംഗ് ബ്ലൻസിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ബാറുകൾ അനുവദിക്കുവാൻ ഉദ്ദേശമില്ല. എന്നാൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബാറുകൾ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചാരായനിരോധനത്തെത്തുടർന്നു തൊഴിൽരഹിതരായ 12,500-ൽപരം ചാരായത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ബഹു. ധനകാര്യ എക്സൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൊഴിൽവകുപ്പു കമ്മീഷണറും തൊഴിലാളി നേതാക്കളും തൊഴിലാളി സംഘടനാ പ്രതിനിധികളും ആയി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം ഈ വിഭാഗം തൊഴിലാളികൾക്ക് പുനരധിവാസ സഹായമായി ഓരോ തൊഴിലാളിക്കും 30,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 1996-ലെ ഓണം പ്രമാണിച്ച് ഈ വിഭാഗം തൊഴിലാളികൾക്ക് ആശ്വാസധനസഹായമായി 2000 രൂപ വീതം സർക്കാർ വിതരണം ചെയ്യുകയുണ്ടായി. അബ്കാരി തൊഴിലാളിക്ഷേമനിധി അംഗമായിരുന്ന തൊഴിലാളികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും നിയമാനുസൃതം അർഹമായ ആനുകൂല്യങ്ങൾക്ക് പുറമെയാണ് മേല്പറഞ്ഞ തുക നൽകിയത്. ടി തുക സ്വയം തൊഴിൽ കണ്ടെത്തന്നതിന് പ്രയോജനപ്പെടുത്തണമെന്നാണ് അന്ന് ധാരണയായത്.

മദ്യവർജ്ജന പ്രചാരത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ

43 (1098) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവർജ്ജന പ്രചാരത്തിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും ഇതിനുവേണ്ടി എന്തു പണം ചെലവഴിച്ചു എന്നും. എന്തൊക്കെ ഗുണങ്ങൾ ഇതുമൂലം ഉണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ആരാധനാലങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സമീപം ദൂരപരിധി ലംഘിച്ചുകൊണ്ട് എത്ര ഷാപ്പുകൾ 1996 ജൂൺ മുതൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരം ദൂരപരിധി ലംഘിച്ച് പ്രവർത്തിച്ചുവരുന്ന ഷാപ്പുകളുടെ നമ്പരും ഏതൊക്കെ സ്ഥലങ്ങളിലാണിതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ദൂരപരിധി ലംഘിച്ച് പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും ഷാപ്പുകൾക്ക് തുടരാൻ അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ 1996 ജൂൺ മുതൽ ഇന്നുവരെയുള്ള കാലയളവിൽ ഇപ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മദ്യവർജ്ജനം ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ഇതിനുവേണ്ടി സാമൂഹ്യസംഘടനകൾ, സന്നദ്ധസംഘടനകൾ ഇവ നടത്തുന്ന ബോധവൽക്കരണം, ചികിൽസ തുടങ്ങിയ മദ്യവിരുദ്ധ പ്രചരണ പരിപാടികൾക്ക് സർക്കാർ സാമ്പത്തികസഹായം

LIBRARY ARCHIVES Kerala Legislative Assembly